വലിയതുറ മത്സ്യബന്ധന തുറമുഖം സ്ഥാപിക്കാതെ തുറമുഖ വകുപ്പിന്റെ വികസന പ്രവർത്തനങ്ങൾ അനുവദിക്കില്ല എന്ന നിലപാടിലാണ് നാട്ടുകാരിലെ ഒരു വിഭാഗം.

(ഡി) വലിയതുറ കടൽപ്പാലത്തിന്റെ സൈഡ് വാളും ആവശ്യമായിട്ടുള്ള മറ്റ് അറ്റകുറ്റപണികളും ചെയ്യുന്നതിന് 104 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും തുടർന്ന് സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. ഉടനെ ടെണ്ടർ ക്ഷണിക്കുന്നതാണ്. കേരളത്തിലെ വിവിധ കടൽപ്പാലങ്ങളെ വിനോദ സഞ്ചാരത്തിന്റെ വീക്ഷണകോണിൽ സംരക്ഷിക്കുന്നതിനായി ടൂറിസം വകുപ്പുമായി ആലോചിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുവഴിയുള്ള മരാമത്ത് പണികൾ

96 (4431) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010-11, 2011-12, 2013-14, 2014-15 വർഷങ്ങളിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് വഴി നടപ്പാക്കാൻ നിർദ്ദേശിക്കപ്പെട്ട തിരുവനന്തപുരം ജില്ലയിലെ മരാമത്ത് പണികൾ ഏതെല്ലാമാണ് ; ഓരോന്നിനും നീക്കിവച്ച തുകയെത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പണികൾ ഓരോന്നിനും ഓരോവർഷം ചെലവഴിച്ച തുകയെത്രയെന്ന് വ്യക്തമാക്കാമോ ;

(സി) 2014-15 വർഷം ഭരണാനുമതി നൽകിയ തീരദേശ റോഡുകളുടെ പേരുവിവരം ജില്ല തിരിച്ച് ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) വിശദവിവരം അനുബന്ധം (എ) ആയി ചേർക്കുന്നു.*

(സി) വിശദവിവരം അനുബന്ധം (ബി) ആയി ചേർക്കുന്നു.*

റോഡുകൾക്ക് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ ഭരണാനുമതി

97 (4432) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റ്യാടി മണ്ഡലത്തിലെ ഏതൊക്കെ റോഡുകളാണ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുള്ളത് ; വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ റോഡുകൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ ; ഇല്ലെങ്കിൽ ഭരണാനുമതി എന്നത്തേയ്ക്ക് നൽകുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സർക്കാരിന്റെ അംഗീകൃത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള കറ്റ്യാടി മണ്ഡലത്തിലെ 5 റോഡുകളിൽ 3 റോഡുകളുടെ എസ്റ്റിമേറ്റുകൾ പരിശോധിച്ചുവരുന്നു :

1. കുറുവഞ്ചേരി കുറുങ്ങോട്ടുതാഴെ പാലയാട് റോഡ് (മണിയൂർ പഞ്ചായത്ത്) -95 ലക്ഷം
2. ചെരണ്ടത്തൂർ പോസ്റ്റ് ഓഫീസ് മാങ്ങാമൂഴി റോഡ് (മണിയൂർ പഞ്ചായത്ത്) - 98 ലക്ഷം
3. ഇരശ്ശേരി പാലത്തിനടുത്ത് നാളോങ്കണ്ടിമുക്ക് (അരക്കണ്ടിമുക്ക്) മുതൽ നെല്ലാച്ചേരിനട ചീർപ്പ് വരെയുള്ള റോഡ് (മണിയൂർ പഞ്ചായത്ത്)-79 ലക്ഷം

(ബി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

തീരദേശ റോഡുകളുടെ നിർമ്മാണം

98 (4433) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വർക്കല കഹാർ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തീരദേശ റോഡുകളുടെ നിർമ്മാണത്തിനുള്ള പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ;

(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്. 2009-10 സാമ്പത്തികവർഷം മുതൽ 'തീരദേശറോഡുകളുടെ നിലവാരം മെച്ചപ്പെടുത്തൽ പദ്ധതി'യിൽ ഉൾപ്പെടുത്തി തീരദേശറോഡുകളുടെ നിർമ്മാണവും പുനരുദ്ധാരണവും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly